ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മൂന്നു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗുജറാത്തിലെത്തും. നാളെ കേവാഡിയയിൽ 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്യും.

   **President Droupadi Murmu arrives in Gujarat today for a three-day visit ; The President will attend the 72nd National Film Awards ceremony in Kevadia tomorrow.**

2. ന്യൂയോർക്കിൽ നടക്കുന്ന ഐക്യരാഷ്ട്ര പൊതുസഭാ സമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ നയിക്കും; അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്ത് യുഎൻ സെക്രട്ടറി ജനറൽ.

   **External Affairs Minister S. Jaishankar to lead the Indian delegation at the UN General Assembly session in New York; UN Secretary-General calls for strengthening international cooperation.**

3. 18-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചിത്ര മേളയിൽ ഒരു ചിത്രത്തിനും പ്രദർശന അനുമതി നിഷേധിച്ചിട്ടില്ലെന്ന് കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം.

   **The Union Ministry of Information and Broadcasting states that screening permission has not been denied to any film at the 18th International Documentary and Short Film Festival of Kerala.**

4. കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന്റെയും പുരോഗമന ചിന്തയുടെയും ഉറവിടം ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ.

   **Chief Minister V.D. Satheesan states that the teachings of Sree Narayana Guru are the source of Kerala's social renaissance and progressive thinking.**

5. സംസ്ഥാനത്ത് മഴ തുടരുന്നു ; മഴവെള്ളപ്പാച്ചിലുണ്ടായ മലപ്പുറം പൂക്കോട്ടുംപാടം മുഖ്യമന്ത്രി സന്ദർശിക്കും.

   **Heavy rains continue across various parts of the state; the Chief Minister will visit Pookkottumpadam in Malappuram, an area affected by flash floods.**

6. ഏഷ്യൻ ഗെയിംസ് മിക്സഡ് മാർഷ്യൽ ആർട്സ് ഇനത്തിൽ സൂചിക തരിയാലിന് വെങ്കലം.

   **Suchika Tariyali wins bronze in the Asian Games mixed martial arts event.**

******************************

## PREZ-GUJRAT

മൂന്നു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗുജറാത്തിലെത്തും. നാളെ കേവഡിയയിലെ ഏകതാ നഗറിൽ നടക്കുന്ന 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര വിതരണച്ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. മറ്റന്നാൾ വഡോദരയിലെ മഹാരാജ സയാജിറാവു സർവകലാശാലയുടെ 75-ാമത് വാർഷിക ബിരുദദാനച്ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. ബ്രഹ്മകുമാരീസ് സംഘടിപ്പിക്കുന്ന 'ലോക നവീകരണത്തിനായുള്ള ആത്മീയ ഉണർവ്' പ്രചാരണ പരിപാടിക്കും ശ്രീമതി ദ്രൗപദി മുർമു തുടക്കം കുറിക്കും.

******************************

## VICE PRESIDENT - TN

ഉപരാഷ്ട്രപതി സി. പി.രാധാകൃഷ്ണൻ ഇന്ന് തമിഴ്നാട് സന്ദർശിക്കും. നീലഗിരിയിലെ കൂനൂരിൽ നടക്കുന്ന United Planters' Association of Southern India - ടീ റിസർച്ച് ഫൗണ്ടേഷൻറെ ശതാബ്ദി

സമ്മേളനത്തിൽ അദ്ദേഹം മുഖ്യാതിഥിയാകും. 1926 ഒക്ടോബറിൽ ഗൂഡല്ലൂരിൽ 'ടീ എക്സ്പിരിമെൻറൽ സ്റ്റേഷനായാണ്, ദക്ഷിണേന്ത്യയിലെ തേയില വ്യവസായത്തിൽ പ്രധാന സംഭാവനകൾ നൽകുന്ന ശാസ്ത്രീയ ഗവേഷണ സ്ഥാപനമായ ഫൌണ്ടേഷൻറെ തുടക്കം.

*******************************

## JAISHANKAR –UNGA (INTRO)

ന്യൂയോർക്കിൽ നടക്കുന്ന ഐക്യരാഷ്ട്ര പൊതുസഭയുടെ 81-ാമത് സമ്മേളനത്തിൽ പങ്കെടുക്കുന്ന ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ നയിക്കും. ഈ മാസം 26-ന് യുഎൻ പൊതുസഭയുടെ ഉന്നതതല സമ്മേളനത്തെ വിദേശകാര്യ മന്ത്രി അഭിസംബോധന ചെയ്യും. സന്ദർശനത്തിന്റെ ഭാഗമായി വിവിധ ഉഭയകക്ഷി യോഗങ്ങളിലും ശ്രീ. ജയശങ്കർ പങ്കെടുക്കും. **വിശദാംശങ്ങളിലേക്ക്..........**

## JAISHANKAR –UNGA (VOICE)

ഈ മാസം 22 മുതൽ 28 വരെ ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് നടക്കുന്ന വാർഷിക ഉന്നതതല പൊതുചർച്ചയിൽ പങ്കെടുക്കാനാണ് ഡോ.എസ്.ജയശങ്കറിന്റെ ന്യൂയോർക്ക് സന്ദർശനം. 'വിശ്വാസം വീണ്ടെടുക്കുക, പരിവർത്തനത്തെ രൂപപ്പെടുത്തുക: എല്ലാവർക്കുമായി പ്രവർത്തിക്കുന്ന ഒരു ഐക്യരാഷ്ട്രസഭ' എന്നതാണ് 81-ാമത് യുഎൻ പൊതുസഭാ സമ്മേളനത്തിന്റെ പ്രമേയം. യുഎന്നിലെ 193 അംഗരാജ്യങ്ങളിൽ നിന്നുള്ള പ്രസിഡന്റുമാരും പ്രധാനമന്ത്രിമാരും മുതിർന്ന പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കും. അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്താൻ പൊതുസഭാ സമ്മേളനത്തിനായി ന്യൂയോർക്കിൽ ഒത്തുചേരുന്ന ലോകനേതാക്കളോട് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ആഹ്വാനം ചെയ്തു. ഈ വർഷം കാലാവധി പൂർത്തിയാക്കാനിരിക്കെ, ഗുട്ടെറസ് പങ്കെടുക്കുന്ന അവസാന യുഎൻ പൊതുസഭാ സമ്മേളനം കൂടിയാണിത്. **ന്യൂസ് ഡസ്ക്, ആകാശവാണി........**

******************************

## TRUMP –ZELENSKYY

ഐക്യരാഷ്ട്ര പൊതുസഭാ സമ്മേളനത്തോടനുബന്ധിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നാളെ ന്യൂയോർക്കിൽ ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. റഷ്യ-ഉക്രെയ്ൻ സംഘർഷം ലഘൂകരിക്കുന്നതിനും സമാധാന ചർച്ചകൾ പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ കൂടിക്കാഴ്ചയിൽ ചർച്ചയാകും. റഷ്യൻ എണ്ണ ശുദ്ധീകരണശാലകൾക്ക് നേരെയുള്ള ഉക്രെയ്ൻ ആക്രമണങ്ങൾ ഇന്ധന വിതരണത്തെ ബാധിക്കുകയും ഡീസൽ വില ഉയരാൻ ഇടയാക്കുകയും ചെയ്ത സാഹചര്യത്തിൽ, ഇത്തരം ആക്രമണങ്ങൾ നിർത്തിവെക്കണമെന്ന് അടുത്തിടെ യു എസ് പ്രസിഡന്റ് ട്രംപ് സെലെൻസ്കിയോട് ആവശ്യപ്പെട്ടിരുന്നു.

******************************

## SIVAGIRI – V.D SATHEESAN (INTRO)

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന്റെയും പുരോഗമന ചിന്തയുടെയും ഉറവിടം ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. 99-ാമത് മഹാസമാധി ദിനാചരണത്തിന്റെ ഭാഗമായി വർക്കല ശിവഗിരിയിലെ മഹാപരിനിർവാണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ ഭരണ നിർവ്വഹണം നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ബൈറ്റ്)

******************************

## I AND B – THAROOR ALLEGATION

18-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചിത്ര മേളയിൽ ഒരു ചിത്രത്തിനും പ്രദർശന അനുമതി നിഷേധിച്ചിട്ടില്ലെന്നു കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം. ആറു ചിത്രങ്ങളുടെ വിശദമായ ഉള്ളടക്കം സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. കൈകാര്യം ചെയ്യുന്ന വിഷയം അനുസരിച്ച് ചില ചിത്രങ്ങൾ പ്രത്യേക സമിതിയുടെ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട് എന്നും മന്ത്രാലയം സമൂഹ മാധ്യമ പോസ്റ്റിൽ വ്യക്തമാക്കി

******************************

## TIFF

ടോറോന്റോ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ മത്സര വിഭാഗത്തിൽ നാഗ സംവിധായകൻ തേജ റാവുവിന്റെ "അംഘ് ' നു പ്ലാറ്റ്ഫോം പ്രൈസ്. ഇതോടെ 2027 ലെ മിക്ച അന്താരാഷ്ട്ര ഫീച്ചർ സിനിമ ഓസ്കർ മത്സര പട്ടികയിലും ചിത്രം ഇടം പിടിച്ചു.

******************************

## BREAK

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...**

**(ബ്രേക്ക്)**

******************************

## RAIN KERALA

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. മഴക്കെടുതിയിൽ വിവിധ ജില്ലകളിലായി ഒമ്പതുപേരാണ് മരിച്ചത്. ഇടുക്കിയിലും കോട്ടയത്തും മണ്ണിടിച്ചിലിലും മലപ്പുറത്ത് മഴവെള്ളപ്പാച്ചിലിലുമാണ് മരണങ്ങൾ സംഭവിച്ചത്.

*******************************

## CM – MALAPPURAM

മഴവെള്ളപ്പാച്ചിലുണ്ടായ മലപ്പുറം പൂക്കോട്ടുംപാടം പ്രദേശം മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് സന്ദർശിക്കും. ഉച്ചയ്ക്ക് രണ്ടരയോടെ ജില്ലയിൽ എത്തുന്ന മുഖ്യമന്ത്രി അപകടത്തിൽ മരിച്ചവർക്ക് അന്തിമോപചാരമർപ്പിക്കും. ഇന്ന് വൈകിട്ട് പ്രിയങ്ക ഗാന്ധി എം.പിയും ദുരന്ത സ്ഥലം സന്ദർശിക്കും.

*******************************

## RAIN KOTTAYAM (INTRO)

കോട്ടയം ജില്ലയിലെ കിഴക്കൻ മേഖലയിൽ ഇന്നലെ മഴ ശക്തമായി. വിവിധ ഇടങ്ങളിൽ മഴവെള്ളപ്പാച്ചിലും മണ്ണിടിച്ചിലും ഉണ്ടായി. **വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ..........**

(വോയ്സ്)

*******************************

## SEWA SANKALAP

പ്രധാനമന്ത്രി നരേന്ദ്രമോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. സേവനം സദ്ഭരണം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട്, 2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാ നാണ് സർക്കാർ ലക്ഷ്യമിടുന്നത്. അയോധ്യയിലെ രാമക്ഷേത്രത്തെ കുറിച്ചാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ ഇന്ന്. രാജ്യത്തിൻറെ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകമായി ക്ഷേത്രം നിലകൊള്ളുന്നു. 2047-ഓടെ വികസിത രാഷ്ട്രമായി മാറണമെങ്കിൽ, ശ്രീരാമന്റെ മൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തിരുന്നു.

******************************

## SAGARMALA

ജനക്ഷേമത്തിനൊപ്പം പരിസ്ഥിതിസംരക്ഷണത്തിനും പ്രാധാന്യം നൽകുന്ന നിരവധി പദ്ധതികളാണ് കേന്ദ്രസർക്കാർ നടപ്പാക്കി വരുന്നത്. രാജ്യത്തിന്റെ തീരപ്രദേശവും ജലപാതകളും പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് നീലസമ്പദ്‌വ്യവസ്ഥ വികസിപ്പിക്കാൻ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സാഗർമാല. 2015-ലാണ് പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയത്. തുറമുഖങ്ങളുടെ നവീകരണം, പുതിയ തുറമുഖങ്ങളുടെ നിർമ്മാണം, തീരദേശ വികസനം എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഇതോടൊപ്പം തുറമുഖ കേന്ദ്രീകൃത വികസനം, കണക്റ്റിവിറ്റി മെച്ചപ്പെടുത്തൽ, തീരദേശ തൊഴിലവസരങ്ങൾ തുടങ്ങിയവയ്ക്കും പദ്ധതി ഊന്നൽ നൽകുന്നു.

******************************

## REV. ASIAN GAMES

ഏഷ്യൻ ഗെയിംസ് പുരുഷവിഭാഗം 10 മീറ്റർ എയർ റൈഫിൾ വ്യക്തിഗത ഇനത്തിൽ ഇന്ത്യക്ക് രണ്ടു മെഡലുകൾ. ഹിമാൻഷു ധില്ലൻ വെള്ളിയും രുദ്രാൻക്ഷ് പാട്ടീൽ വെങ്കലവും രാജ്യത്തിനായി നേടി. ഇതേ ഇനത്തിൽ പുരുഷ വിഭാഗം ടീം ഇനത്തിലും ഇന്ത്യ വെള്ളി നേടിയിരുന്നു. മിക്സഡ് മാർഷ്യൽ ആർട്സ് ഇനത്തിൽ സൂചിക തരിയാൽ രാജ്യത്തിനായി വെങ്കലം നേടി. രാജ്യത്തിനായി മികച്ച പ്രകടനം കാഴ്ച വച്ച താരങ്ങളെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിനന്ദിച്ചു. ഇവരുടെ മികച്ച പ്രകടനം രാജ്യത്തിന് ആകെ അഭിമാനം സമ്മാനിച്ചതായി രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ഷൂട്ടിങ്ങിൽ വെള്ളി മെഡൽ നേടിയ മലയാളി താരം വിദർശ കെ.വിനോദിന് സർക്കാർ ജോലി ഉറപ്പാക്കുമെന്ന് സംസ്ഥാന കായിക മന്ത്രി ഒ.ജെ. ജനീഷ് അറിയിച്ചു

******************************

## CHESS

ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ നടക്കുന്ന 46 ആമത് ചെസ് ഒളിംപ്യാഡിൽ ഇന്ത്യൻ പുരുഷ ടീമിന് വിജയം.ഹോളണ്ടിനെ 3-1 നാണു സംഘം കീഴടക്കിയത്.സമനിലകളിൽ കുരുങ്ങിക്കിടന്ന ആർ.പ്രഗ്നാനന്ദ നേടിയ ഉജ്വല വിജയമാണ് ഇന്ത്യക്ക് അനുകൂലമായത്. ഡി.ഗുകേഷും രാജ്യത്തിനായി ജയം നേടി. എന്നാൽ പോളണ്ടിനെതിരെ ഇന്ത്യൻ വനിതാ ടീം അപ്രതീക്ഷിത തോൽവി വഴങ്ങി. ആർ.വൈശാലിയുടെ പരാജയമാണ് ഇന്ത്യൻ സംഘത്തിന് പ്രതികൂലമായത്. ആറു റൗണ്ടുകൾ ശേഷിക്കെ നിലവിൽ എട്ടാം സ്ഥാനത്താണ് ഇന്ത്യൻ വനിതകൾ.

*******************************

## STOCK + GOLD

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു. അസംസ്കൃത എണ്ണയിലുണ്ടായ മാറ്റമാണ് വിപണിക്ക് ഗുണമായി ഭവിച്ചത്. മുംബൈ ഓഹരി സൂചിക സെൻസെക്സ് 508 പോയിന്റ് നേട്ടത്തിൽ 74,803 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 66 നേട്ടത്തിൽ 23,412 ലും വ്യാപാരം തുടരുകയാണ്.

സ്വർണവിലയിൽ കുറവ്. പവന് 120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 14,160 രൂപയും ഗ്രാമിന് 14,270 രൂപയുമാണ് ഇന്നത്തെ വില.

**********************************************************************************************************
****************